പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2349 **27-10-2026-ൽ മറുപടിയ്ക്ക്**

മാർമല ജലവൈദ്യുത പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. മാണി. സി. കാപ്പൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

(എ) മാർമല ജലവൈദ്യുത പദ്ധതിക്ക് നെഗോഷിയേറ്റഡ് പർച്ചേസ് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടികളും പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥയും വ്യക്തമാക്കാമോ;

മറുപടി: മാർമ്മല ജലവൈദ്യുത പദ്ധതിക്ക് 24.12.2014-ൽ 70.18 കോടി രൂപയുടെ ബോർഡിന്റെ ഭരണാനുമതിയും 16.02.2015-ൽ സർക്കാരിന്റെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. ടി. പദ്ധതി നടപ്പിലാക്കുവാൻ 7.4726 ഹെക്ടർ ഭൂമി ആവശ്യമാണ്. അതിൽ 5.9099 ഹെക്ടർ പട്ടയ ഭൂമിയും 1.5627 ഹെക്ടർ പട്ടയ രഹിത ഭൂമിയുമാണ്. പദ്ധതിക്ക് ആവശ്യമായ ഭൂമി നെഗോഷിയേറ്റഡ് പർച്ചേസ് പ്രകാരമല്ല ഏറ്റെടുത്തിട്ടുള്ളത്.

പട്ടയ ഭൂമി, LARR ആക്ട് 2013 വഴിയാണ് ഏറ്റെടുത്തിട്ടുള്ളത്. 27 പട്ടയഭൂമിയിൽ 26 എണ്ണവും കെഎസ്ഇബി-ക്ക് റവന്യൂ വകുപ്പ് കൈമാറിയിട്ടുണ്ട്. റവന്യൂ വകുപ്പ് അംഗീകരിച്ച സർവ്വേ സ്കെച്ചിലും കെ.എസ്.ഇ.ബി സ്ഥാപിച്ച അതിരുകല്ലുകളിലും ഉള്ള വ്യത്യാസം കാരണം ഒരു പട്ടയഭൂമി കൂടി കെ.എസ്.ഇ.ബി-ക്ക് റവന്യൂ വകുപ്പ് കൈമാറേണ്ടതുണ്ട്. പ്രസ്തുത വ്യത്യാസം പരിഹരിക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ് കൈക്കൊണ്ടുവരുന്നു.

പദ്ധതിക്ക് ആവശ്യമായ പട്ടയരഹിത ഭൂമി (നദീതട ഭൂമി, ആറ്റുപുറം പോക്ക്, ജില്ലാ പഞ്ചായത്ത് റോഡ് ഭാഗം എന്നിവ) ഉപയോഗിക്കുന്നതിന് ആവശ്യമായ ഉപയോഗാനുമതി റവന്യൂ വകുപ്പിൽ നിന്ന് ലഭ്യമായാൽ മാത്രമേ സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാവുകയുള്ളൂ.

(ബി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

മറുപടി: ഈ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ, കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ നിബന്ധനകൾ പാലിക്കുന്നതിനു വേണ്ടി വിശദമായ പദ്ധതി റിപ്പോർട്ടിന്റെ പരിഷ്കരണം, എന്നീ പ്രവർത്തനങ്ങൾ അന്തിമ ഘട്ടങ്ങളിലാണ്. പദ്ധതി കാലതാമസം കൂടാതെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ